# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:04.04.2024**

### പ്രധാനവാർത്തകൾ

1. **രാജ്യം തിരഞ്ഞെടുപ്പ് ചൂടിൽ. രണ്ടാം ഘട്ട ലോക് സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. കേരളത്തിലും പത്രികാ സമർപ്പണത്തിനുള്ള അവസാന ദിനം ഇന്ന്.**
2. **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ബിഹാറിലും പശ്ചിമ ബംഗാളിലും പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.**
3. **പ്രമുഖ മുന്നണികളിലെ മുതിർന്ന നേതാക്കൾ പ്രചാരണ പരിപാടികളുമായി സംസ്ഥാനത്ത്. കേന്ദ്രമന്ത്രിമാരും പ്രചാരണ രംഗത്ത് സജീവം.**
4. **ലോക് സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.**
5. **കേരളം മീനച്ചൂടിന്റെ പിടിയിൽ. കേരളതീരത്ത് ഇന്ന് രാത്രി ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യത. മത്സ്യത്തൊഴിലാളികൾക്കും തീരദേശ വാസികൾക്കും ജാഗ്രതാ നിർദ്ദേശം.**
6. **ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, പഞ്ചാബ് കിങ്സിനെ നേരിടും.**

RNU TVPM

**=======================================**

**രാഷ്ട്രപതി ദ്രൗപതി മുർമു**

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് മുംബൈ സന്ദർശിക്കും. ക്യാൻസർ ചികിത്സയ്ക്കുള്ള പുതിയ തരം ഇമ്മ്യൂണോതെറാപ്പി യായ CAR T- സെൽ തെറാപ്പി ഐഐടി ബോംബെയിൽ നടക്കുന്ന ചടങ്ങിൽ രാഷ്ട്രപതി രാജ്യത്തിന് സമർപ്പിക്കും. ഐഐടി ബോംബെയും ടാറ്റ മെമ്മോറിയൽ സെൻ്ററും സഹകരിച്ചാണ് ഇത് വികസിപ്പിച്ചിരിക്കുന്നത്. ഇന്ത്യയ്ക്ക് പുറത്ത് ലഭ്യമാകുന്ന CAR-T സെൽ തെറാപ്പി ഉത്പന്നങ്ങളുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറഞ്ഞ ചിലവിൽ ജീവൻ രക്ഷിക്കാനുതകുന്ന ക്യാൻസർ ചികിത്സ സംവിധാനമാണിത്.

=======================================

**ലോക്സഭാ തെരഞ്ഞെടുപ്പ് രണ്ടാം ഘട്ടം**

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ 12 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലെ 88 ലോക്സഭാ സീറ്റുകളിലേക്കും ഔട്ടർ മണിപ്പൂർ മണ്ഡലത്തിന്റെ ശേഷിക്കുന്ന ഭാഗങ്ങളിലേക്കും വോട്ടെടുപ്പ് നടക്കും.

കേരളം 20, കർണാടക 14, രാജസ്ഥാൻ 13, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ എട്ട് വീതം, മധ്യപ്രദേശിൽ ഏഴ്, അസമിലും ബിഹാറിലും അഞ്ച് വീതവും പശ്ചിമ ബംഗാളിലും ഛത്തീസ്ഗഡിലും മൂന്ന് വീതവും മണിപ്പൂർ, ത്രിപുര, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ ഓരോ സീറ്റുകളിലുമാണ് രണ്ടാം ഘട്ടത്തിൽ തിരെഞ്ഞെടുപ്പ് നടക്കുക. ജമ്മു കശ്മീർ ഒഴികെയുള്ള എല്ലായിടത്തും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ നടക്കും. ജമ്മു കശ്മീരിൽ

RNU TVPM

സൂക്ഷ്മപരിശോധന മറ്റന്നാളാണ്. ഏപ്രിൽ 26 ന് വോട്ടെടുപ്പ് നടക്കും.

====================================

**പ്രധാനമന്ത്രി / അനുരാഗ് സിങ് ഠാക്കൂർ**

എൻഡിഎയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ബിഹാറിലെ ജാമുയി ജില്ലയിൽ തുടക്കം കുറിക്കും. ജാമുയി, ഖൈറ ബ്ലോക്കിലെ ബല്ലോപൂരിൽ ശ്രീ മോദി പൊതുയോഗത്തെ അഭിസംബോധന ചെയ്യും. എൻഡിഎ സീറ്റ് വിഭജനത്തിന് ശേഷം പ്രധാനമന്ത്രി നടത്തുന്ന ആദ്യ രാഷ്ട്രീയ യോഗമാണിത്. ജെഡിയു അധ്യക്ഷനും മുഖ്യമന്ത്രിയുമായ നിതീഷ് കുമാർ, ഉൾപ്പെടെയുള്ള ഘടകകക്ഷി നേതാക്കൾ യോഗത്തിൽ പങ്കെടുക്കും. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിങ് ഠാക്കൂർ ഇന്ന് ബംഗളുരു സന്ദർശിക്കും. ബംഗളുരു സൗത്ത് മണ്ഡലത്തിലെ എം. പിയും ബിജെപി സ്ഥാനാർത്ഥിയുമായ തേജസ്വി സൂര്യയുടെ നാമനിർദ്ദേശ പത്രികാ സമർപ്പണ ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും.

====================================

**ലോക്സഭാ തിരഞ്ഞെടുപ്പ് – സംസ്ഥാനം**

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. യുഡിഎഫ് സ്ഥാനാർഥികളായ അടൂർ പ്രകാശ്, ഷാഫി പറമ്പിൽ, എന്നിവർ ഇന്ന് പത്രിക നൽകും. ഫ്രാൻസിസ് ജോർജ് കോട്ടയത്ത് പത്രിക സമർപ്പിച്ചു. ആലപ്പുഴയിലെ എൽഡിഎഫ് സ്ഥാനാർഥി എ.എം.ആരിഫും ഇന്ന് പത്രിക സമർപ്പിക്കും.

PNU TVPM

എൻഡിഎ സ്ഥാനാർഥി സുരേഷ് ഗോപിയും കോൺഗ്രസ് സ്ഥാനാർത്ഥി കെ. മുരളീധരനും ഇന്ന് പത്രിക സമർപ്പിച്ചു. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി രാജീവ് ചന്ദ്ര ശേഖർ നാമനിർദേശ പത്രിക സമർപ്പിച്ചു. കേന്ദ്രമന്ത്രി എസ് ജയ്ശങ്കർ അദ്ദേഹത്തൊടൊപ്പം ഉണ്ടായിരുന്നു. ഇന്ന് രാവിലെ നടന്ന റോഡ് ഷോയിൽ കേന്ദ്രമന്ത്രി എസ് ജയ്ശങ്കർ രാജീവ് ചന്ദ്രശേഖറിനോടൊപ്പം പങ്കെടുത്തു. ആലപ്പുഴയിൽ യു.ഡി.എഫ് സ്ഥാനാർത്ഥി കെ.സി വേണുഗോപാൽ പത്രിക സമർപ്പിച്ചു. വയനാട്ടിൽ ബി ജെ പി അദ്ധ്യക്ഷൻ കെ.സുരേന്ദ്രന്റെ പത്രികാസമർപ്പണത്തിൽ കേന്ദ്രമന്ത്രിയും അമേഠി എം.പിയുമായ സ്മൃതി ഇറാനി പങ്കെടുത്തു. വൈകിട്ട് മൂന്നുമണിക്ക് പത്രിക നൽകാനുള്ള സമയം അവസാനിക്കും. നാളെയാണ് സൂക്ഷ്മ പരിശോധന. മുഖ്യമന്ത്രി പിണറായി വിജയൻ എറണാകുളത്ത് പ്രചാരണ പരിപാടിയിൽ പങ്കെടുക്കും.

RNU TVPM

========================================

**ജെ.പി.നഡ്ഡ**

കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലെ NDA സ്ഥാനാർത്ഥി എം.ടി.രമേശിന്റെ തിരഞ്ഞെടുപ്പ് പ്രചരണാർത്ഥം ബിജെപി ദേശീയ അദ്ധ്യക്ഷൻ.ജെ.പി.നഡ്ഡ കോഴിക്കോട്ടെത്തും. ബിജെപി സ്ഥാപകദിനമായ ഏപ്രിൽ ആറിന് വൈകുന്നേരം കോഴിക്കോട്ട് NDA യുടെ റോഡ്ഷോയിൽ അദ്ദേഹം പങ്കെടുക്കുമെന്ന് ബിജെപി ജില്ലാ അധ്യക്ഷൻ വി.കെ.സജീവൻ അറിയിച്ചു.

========================================

**കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ - സർക്കാർ ജീവനക്കാർ**

സർക്കാർ ജീവനക്കാർക്ക് തപാൽ ബാലറ്റിലൂടെ വോട്ട് ചെയ്യാൻ കഴിയില്ലെന്ന വാട്സ്ആപ്പ് പ്രചാരണം വ്യാജമാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. തിരഞ്ഞെടുപ്പ് ഡ്യൂട്ടി ചെയ്യുന്ന യോഗ്യരായ ഉദ്യോഗസ്ഥർക്ക് തപാൽ ബാലറ്റിലൂടെ വോട്ട് ചെയ്യാമെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ കമ്മീഷൻ അറിയിച്ചു.

=======================================

## ഇലക്ഷൻ മാർഗ്ഗനിർദ്ദേശങ്ങൾ - (ഇൻട്രോ)

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പോളിംഗ് സ്റ്റേഷനുകൾ വോട്ടർ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള മാർഗനിർദേശങ്ങൾ വ്യക്തമാക്കി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ സർക്കുലർ പുറപ്പെടുവിച്ചു.

**കൂടുതൽ വിവരങ്ങൾ.....**

**– (VOICE....)**

വോട്ടർമാർക്ക് പോളിംഗ് ബൂത്തുകളുടെ സ്ഥാനം, ലഭ്യമായ സൗകര്യങ്ങൾ, വോട്ടർ അസിസ്റ്റൻസ് ബൂത്ത് എന്നിവയെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ശരിയായ അടയാളങ്ങൾ പോളിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കണം. ഇവ ഇംഗ്ലീഷിലും മലയാളത്തിലും നീലയും വെള്ളയും നിറത്തിലായിരിക്കണം. അക്ഷരങ്ങൾ സ്റ്റാൻഡേർഡ് വലുപ്പത്തിൽ ഉചിതമായ ഉയരത്തിൽ സ്ഥാപിക്കേണ്ടതും വോട്ടർക്ക് അകലെ നിന്ന് എളുപ്പത്തിൽ കാണാവുന്നതുമായിരിക്കണമെന്ന് മാർഗനിർദ്ദേശങ്ങളിൽ പറയുന്നു.. മുൻ തിരഞ്ഞെടുപ്പുകളിൽ ക്ലാസ് മുറികളിലെ ഭിത്തികളിലുള്ള ചിത്രങ്ങളും മാപ്പുകളും നശിപ്പിച്ചത് സംബന്ധിച്ചു പരാതികൾ ലഭിക്കുകയും നിയമ

RNUTVPM

നടപടികളിലേക്കു നീങ്ങിയ സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അതിനാൽ പോസ്റ്ററുകളും നോട്ടീസുകളും പതിപ്പിക്കുമ്പോൾ ജാഗ്രത പാലിക്കണം. പോളിംഗ് സ്റ്റേഷനുകളിലെ തിരഞ്ഞെടുപ്പിനെത്തുടർന്നുള്ള മാലിന്യം ഹരിത പ്രോട്ടോക്കോൾ പാലിച്ചു നീക്കം ചെയ്യുവെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ഉറപ്പാക്കണം. വോട്ടർമാരെ അനുഗമിക്കുന്ന കുട്ടികൾക്കായി ക്രെഷിനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും കുട്ടികളെ പരിപാലിക്കുന്നതിനായി ആയയെ നിയോഗിക്കുകയും വേണം.എല്ലാ പോളിംഗ് സ്റ്റേഷനുകളിലും കുടിവെള്ളം ഉറപ്പാക്കേണ്ടതും വരി നിൽക്കുന്നിടത്ത് വെയിൽ ഏൽക്കാതെ നിൽക്കുവാനുള്ള സൗകര്യം ഒരുക്കേണ്ടതുമാണ്.

**ന്യൂസ് ഡെസ്ക്, ആകാശവാണി...**

==================================

RNUTVPM

## ഷാങ്ഹായ് സഹകരണ സംഘടന

ഭീകരവാദത്തെ ചെറുക്കുന്നതിൽ ഇരട്ടത്താപ്പ് ഒഴിവാക്കണമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ. അതിർത്തി കടന്ന് ഭീകരപ്രവർത്തനം നടത്തുന്നവരെ ഫലപ്രദമായി നേരിടണമെന്നും അദ്ദേഹം പറഞ്ഞു. കസാക്കിസ്ഥാനിലെ അസ്താനയിൽ ഷാങ്ഹായ് സഹകരണ സംഘടനയുടെ സുരക്ഷാ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ഡോവൽ. ലഷ്കർ-ഇ-തൊയ്ബ, ജെയ്ഷെ മുഹമ്മദ്, അൽ ഖ്വയ്ദ, ഐെസിസ് തുടങ്ങി വിവിധ ഭീകര ഗ്രൂപ്പുകൾ ഉയർത്തുന്ന ഭീഷണി അദ്ദേഹം യോഗത്തിൽ ഉന്നയിച്ചു. മാർച്ച് 22 ന് മോസ്കോയിയിൽ നടന്ന ഭീകരാക്രമണത്തെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശക്തമായി അപലപിച്ചു.

====================================

## മരുന്നു വില

മരുന്നു വിലയിൽ ഗണ്യമായ വർധനയെ മാധ്യമ റിപ്പോർട്ടുകൾ തള്ളി കേന്ദ്ര സർക്കാർ. 500-ലധികം മരുന്നുകൾക്ക് വില കൂടുമെന്ന റിപ്പോർട്ടുകൾ തെറ്റിദ്ധാരണാജനകമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

====================================

## അന്താരാഷ്ട്ര ഖനി അവബോധ ദിനം

ഇന്ന് അന്താരാഷ്ട്ര ഖനി അവബോധ ദിനം. ഖനികളുടെ പ്രവർത്തനങ്ങൾ, സ്ഫോടനങ്ങൾ, അതുമൂലം മനുഷ്യരാശിയുടെ സുരക്ഷക്കുണ്ടാകുന്ന ഭീഷണികൾ, അത് തടയുന്നതിനുള്ള നടപടികൾ എന്നീ വിഷയങ്ങളിൽ പൊതുജനശ്രദ്ധ ഉയർത്തുന്നത് ലക്ഷ്യമിട്ടാണ് അന്താരാഷ്ട്ര ഖനി ദിനം ആചരിക്കുന്നത്. **ജീവിതങ്ങളെ സംരക്ഷിക്കുക, സമാധാനം കെട്ടിപ്പടുക്കുക** എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ പ്രമേയം.

RNU TVPM

====================================

## മണ്ഡലങ്ങളിലൂടെ, മലപ്പുറം – (ഇൻട്രോ)

മലപ്പുറത്ത് ലോക്സഭ തിരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു. റംസാൻ വൃതാനുഷ്ഠാനവും ഉയർന്ന ചൂടും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിലും മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ ജില്ലയിൽ ശക്തിയാർജ്ജിക്കുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി എം സുരേഷ് ബാബു.....**

**(വോയിസ്......)**

==================================

**ഉഷ്ണതരംഗം – മൻസുഖ് മാണ്ഡവ്യ**

ഉഷ്ണ തരംഗം നേരിടുന്ന സംസ്ഥാനങ്ങളുടെ ഭാതിക സാഹചര്യ ഡാറ്റാ ബേസ് തയ്യാറാക്കാൻ ആവശ്യമായ വിവരങ്ങൾ കൈമാറാൻ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പുകളിൽ അടിയന്തര കരുതൽ നടപടികൾ എടുക്കാൻ സംസ്ഥാനങ്ങൾ തയ്യാറാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

==================================

**കള്ളക്കടൽ പ്രതിഭാസം – കേരളതീരം**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 1.2 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കേണ്ടതാണ്. മൽസ്യബന്ധന യാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കാനും

RNU TVPM

നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ ഇന്ന് 11 ജില്ലകളിൽ അത്യുഷ്ണം അനുഭവപ്പെടുമെന്ന് അധികൃതർ. 11 ജില്ലകളിലും മഞ്ഞ ജാഗ്രത.

=====================================

**മഴ**

സംസ്ഥാനത്ത് ഇന്ന് ഏഴ് ജില്ലകളിൽ വേനൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്.

=====================================

## ഐ.പി.എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, പഞ്ചാബ് കിങ്സിനെ നേരിടും. രാത്രി 7.30-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ 106 റൺസിന് പരാജയപ്പെടുത്തി. 273 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഡൽഹി ക്യാപിറ്റൽസ് 17.2 ഓവറിൽ 166 റൺസിന് എല്ലാവരും പുറത്താവുകയായിരുന്നു.

=====================================

## ഐ.എസ്.എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ് സി ജെംഷെഡ്പൂർ എഫ് സി പോരാട്ടം. വൈകിട്ട് 7.30 ന് ചെന്നൈ ജവാഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന

RNUTVPM

മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സിനെ രണ്ടിനെതിരെ നാല് ഗോളുകൾക്ക് ഈസ്റ്റ് ബംഗാൾ പരാജയപ്പെടുത്തിയിരുന്നു. 44 പോയിന്റുമായി മുംബൈ സിറ്റിയാണ് റാങ്ക് പട്ടികയിൽ ഒന്നാമത്. കേരളം ബ്ലാസ്റ്റേഴ്സ് 5 ആം സ്ഥാനത്തും ഈസ്റ്റ് ബംഗാൾ 7 ആം സ്ഥാനത്തുമാണ്.

====================================

**മൃതദേഹം നാട്ടിലെത്തിക്കും**

അരുണാചലിൽ മരിച്ച മലയാളികളുടെ മൃതദേഹങ്ങൾ ഇന്ന് വൈകിട്ട് നാട്ടിലെത്തിക്കും. ആര്യയുടെയും, ദേവിയുടെയും മൃതദേഹങ്ങൾ തിരുവനന്തപുരത്തും, നവീന്റെ മൃതദേഹം മീനടത്തും സംസ്കരിക്കും. അതേസമയം, മരണത്തിൽ ദുരൂഹത തുടരുകയാണ്. അരുണാചലിലേക്കുള്ള യാത്ര ആസൂത്രണം ചെയ്തത് നവീനെന്നാണ് നിഗമനം. ആര്യയുടെയും ദേവിയുടെയും കൈത്തണ്ട മുറിച്ച് കൊലപ്പെടുത്തിയ ശേഷം നവീൻ ആത്മഹത്യ ചെയ്തുവെന്നാണ് അരുണാചൽ പൊലീസിന്റെ പ്രാഥമിക കണ്ടെത്തൽ. കേസന്വേഷണത്തിന് അഞ്ച് പേരടങ്ങുന്ന പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

RNUTVPM

====================================

**ബോംബ് – തിരുവനന്തപുരം**

തിരുവനന്തപുരം മണ്ണന്തലയിൽ നാടൻ ബോംബ് നിർമാണത്തിനിടെ സ്ഫോടക വസ്തു പൊട്ടിത്തെറിച്ച് നാല് പേർക്ക് പരിക്കേറ്റു. 17 വയസുകാരന് രണ്ട് കൈപ്പത്തിയും നഷ്ടപ്പെട്ടു. പരുക്കേറ്റവരെ തിരുവനന്തപുരം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. അഖിലേഷ്, കിരൺ, ശരത്, ഇരു കൈകളും നഷ്ടപ്പെട്ട 17കാരൻ എന്നിവരെയാണ്

ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പരിക്കേറ്റവർ ഗുണ്ടാ സംഘങ്ങളുമായി ബന്ധമുള്ളവരാണെന്നാണ് സൂചന. സംഭവത്തിൽ കിരൺ, ശരത് എന്നിവരെ പോലീസ് കസ്റ്റഡിയിലെടുത്തു.

====================================

**കൊല്ലം -പുലിമുട്ട്**

കൊല്ലം നഗരത്തിൽ കടലാക്രമണം രൂക്ഷമായ മുണ്ടയ്ക്കൽ പാപനാശനം മുതൽ കൊല്ലം ബീച്ച് വരെ നാല് പുലിമുട്ടുകൾ നിർമിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറായി. കളക്ടറുടെ നിർദ്ദേശപ്രകാരം തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ജില്ലാ ഭരണകൂടത്തിന് കൈമാറി. പ്രാധാന്യം കണക്കിലെടുത്ത് പെരുമാറ്റച്ചട്ടത്തിൽ നിന്ന് ഇളവ് നേടി, പുലിമുട്ട് നിർമ്മാണം കാലതാമസം ഇല്ലാതെ ആരംഭിക്കാനാണ് ആലോചന.

====================================

**ടി.ടി.ഇ കൊലപാതകം**

തൃശ്ശൂർ മുളങ്കുന്നത്തുകാവ് വെളപ്പായയിൽ ടി.ടി.ഇ.യെ ട്രെയിനിൽ നിന്ന് തള്ളിയിട്ടു കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതി രജനികാന്തയെ സംഭവസ്ഥലത്തെത്തിച്ച് തെളിവെടുപ്പ് നടത്തി. ഇന്നലെ  വൈകുന്നേരത്തോടെയാണ് റെയിൽവേ പോലീസ് സംഘം പ്രതിയെ തെളിവെടുപ്പിനെത്തിച്ചത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

====================================

====================================

====================================

RNUTVPM